LIBRARY ARCHIVES Kerala Legislative Assembly

കുരുമുളക് പുനരുദ്ധാരണ പദ്ധതി

19 (*289) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. രാജു :
ശ്രീമതി ഇ. എസ്. ബിജിമോൾ: താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുരുമുളക് പുനരുദ്ധാരണ പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചതെന്നാണ്, പ്രസ്തുത പദ്ധതി മുഖേന എന്തെല്ലാം കർമ്മപരിപാടികളാണ് നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള സഹായങ്ങൾ ലഭിക്കാത്തതുമൂലം കർഷകർ കടക്കെണിയിലാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ കർഷകരെ തുടർന്ന് സഹായിക്കുന്നതിന് എന്തെങ്കിലും നടപടികളെടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) കുരുമുളക് കൃഷി പുനരുദ്ധാരണത്തിനും വികസനത്തിനുമായുള്ള വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. രോഗം ബാധിച്ചതും, ഉല്പാദനം കുറഞ്ഞതുമായ വള്ളികൾ നീക്കം ചെയ്ത് നല്ലയിനം കുരുമുളക് വള്ളികൾ വച്ചുപിടിപ്പിക്കുക, ജൈവ രാസവളങ്ങൾ, കീടരോഗനിയന്ത്രണത്തിനായി ജൈവ കീടനാശിനികൾ, ജൈവിക നിയന്ത്രണോപാധികൾ, നല്ലയിനം കുരുമുളക് വള്ളികളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിന് വികേന്ദ്രീകൃത നഴ്സറികൾ ഡിപ്പാർട്ട്മെന്റ് ഫാമുകൾ വഴി വേരുപിടിപ്പിച്ച കുരുമുളക് വള്ളിയുടെ ഉല്പാദനം, ജൈവ കുരുമുളക് കൃഷിക്ക് പ്രോത്സാഹനം, ദ്രുതവാട്ട രോഗനിയന്ത്രണം, വിള വിസ്തൃതി വ്യാപനം എന്നിവയാണ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ളത്. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖാന്തരം 2005 നവംബർ മാസം മുതൽ സംസ്ഥാനത്ത് ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കുരുമുളക് പുരുദ്ധാരണ പദ്ധതി

2006-07 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു. ദേശീയ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി രോഗം ബാധിച്ചതും ഉൽപ്പാദനക്ഷമത കുറഞ്ഞതുമായ കുരുമുളക് വള്ളികൾ മുറിച്ചുമാറ്റി അത്യുൽപ്പാദന ശേഷിയുള്ളവ നട്ട് പിടിപ്പിച്ച് തോട്ടം പരിപാലിപ്പിക്കുന്നതിനായി ഹെക്ടർ ഒന്നിന് 15,000 രൂപ ധനസഹായം നൽകിയിരുന്നു. 2014-15 സാമ്പത്തിക വർഷം മുതൽ ധനസഹായം 20,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2009-10 മുതൽ ഇടുക്കി ജില്ലയിലും 2010-11 മുതൽ വയനാട് ജില്ലയിലും സ്പൈസസ് ബോർഡ് മുഖാന്തരമാണ് കുരുമുളക് പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കിവരുന്നത്. ബാക്കി ജില്ലകളിൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം കുരുമുളക് കൃഷി പുനരുദ്ധാരണം നടപ്പിലാക്കിയതിന്റെ വർഷം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

വർഷം	ഭൗതിക നേട്ടം (ഹെക്ടറിൽ)	സാമ്പത്തിക നേട്ടം (ലക്ഷം രൂപയിൽ)
2006-07	7930	947.4093
2007-08	22049.525	3052.52172
2008-09	3469.3732	340.15557
2009-10	13218.217	2092.62212
2010-11	7542.5723	1068.4979
2011-12	906.469	199.01751
2012-13	1276.91697	190.17479
2013-14	850.065	127.48625
2014-15	151.65	30.2675
ആകെ		8048.15266

നടപ്പ് സാമ്പത്തിക വർഷത്തിലും സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ 250 ഹെക്ടറിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മേൽ വിശദീകരിച്ച പദ്ധതികൾ തുടർന്ന് നടപ്പിലാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly